# UNIVERSITY OF KERALA
# കേരള സർവകലാശാല

(*Re-accredited by NAAC with A++ Grade*)

Senate House Campus, Palayam, Thiruvananthapuram - 34, Kerala, India

## സർവകലാശാല ഹോസ്റ്റൽ പ്രവേശനം – നിർദ്ദേശങ്ങൾ

### A. അപേക്ഷിക്കാൻ വേണ്ട യോഗ്യതകൾ:

1. ഹോസ്റ്റലിൽ നിന്ന് കുറഞ്ഞത് 40 കിലോമീറ്റർ അകലെ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഭിന്നശേഷിക്കാർക്ക് ദൂരപരിധി ബാധകമല്ല.

2. ആർക്കൊക്കെ അപേക്ഷിക്കാം?

   i. **യൂണിവേഴ്സിറ്റി വനിതാ ഹോസ്റ്റൽ, തൈക്കാട്:** തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിലുള്ള ഗവൺമെൻറ് കോളേജുകളിലെ വിദ്യാർത്ഥിനികൾ.

   ii. **യൂണിവേഴ്സിറ്റി വനിതാ ഹോസ്റ്റൽ, കാര്യവട്ടം:** കേരള സർവകലാശാല പഠന വകുപ്പുകളിലെ പിജി വിദ്യാർത്ഥിനികൾ.

   iii. **യൂണിവേഴ്സിറ്റി വനിതാ ഗവേഷക ഹോസ്റ്റൽ, കാര്യവട്ടം:** കേരള സർവകലാശാല പഠന വകുപ്പുകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥിനികൾ.

   iv. **യൂണിവേഴ്സിറ്റി പുരുഷ ഹോസ്റ്റൽ, കാര്യവട്ടം:** കേരള സർവകലാശാല പഠന വകുപ്പുകളിലെ പിജി വിദ്യാർത്ഥികൾ.

   v. **അഡീഷണൽ മെൻസ് ഹോസ്റ്റൽ, കാര്യവട്ടം**: കേരള സർവകലാശാല പഠന വകുപ്പുകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾ.

### B. എങ്ങനെ അപേക്ഷിക്കാം?

ഹോസ്റ്റൽ അപേക്ഷാ പ്രക്രിയ പൂർത്തിയാക്കുന്നതിന് താഴെപ്പറയുന്ന 4 ഘട്ടങ്ങൾ നടപ്പിലാക്കണം.

i. കേരള യൂണിവേഴ്സിറ്റി പേയ്മെന്റ് പോർട്ടലിൽ 55 രൂപ ഓൺലൈൻ പേയ്മെന്റ് ചെയ്യുക. (https://pay.keralauniversity.ac.in/kupay ).
ഫീസ് അടയ്ക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾക്കായി ചുവടെ നൽകിയിരിക്കുന്ന ലിങ്ക് സന്ദർശിക്കുക.
https://hostel.keralauniversity.ac.in/assests/images/Online_payment_instructions.pdf

ii. അപേക്ഷാഫീസ് ഓൺലൈനായി അടച്ച് ഒരു മണിക്കൂറിനു ശേഷം ഹോസ്റ്റൽ വെബ്സൈറ്റിലെ (https://hostel.keralauniversity.ac.in/index.php/Home) *' APPLY HERE '* ഓപ്ഷൻ ഉപയോഗിച്ച് യൂസർ ഐഡിയും (ഹോസ്റ്റൽ ആപ്ലിക്കേഷൻ നമ്പർ) പാസ്‌വേഡും ജനറേറ്റ് ചെയ്യുക.

iii. മുൻ ഘട്ടത്തിൽ ലഭിച്ച യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ പൂർത്തിയാക്കുക.

iv. പൂർത്തിയാക്കിയ ഹോസ്റ്റൽ ആപ്ലിക്കേഷൻ പ്രൊഫൈലിന്റെ പ്രിന്റ് ഔട്ട് തുടർ ഉപയോഗങ്ങൾക്കായി സൂക്ഷിക്കുക.

## C. ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

i. ഹോസ്റ്റൽ അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് മുൻപായി വിദ്യാർത്ഥികൾ അതാത് ഡിപ്പാർട്ട്മെൻറ്/കോളേജിൽ ഓൺലൈനായി അഡ്മിറ്റ് ചെയ്തിട്ടുണ്ട് എന്ന് ഡിപ്പാർട്ട്മെൻറ്/കോളേജുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഹോസ്റ്റൽ രജിസ്ട്രേഷൻ നടത്തുന്ന സമയത്ത് *'Data Mismatch'* കാണിക്കുന്നതാണ്.

ii. ഓൺലൈനായി ഫീസ് അടക്കുമ്പോൾ ഡിപ്പാർട്ട്മെന്റിന്റെ (Department Name) സ്ഥാനത്ത് അപേക്ഷ നൽകുന്ന ***ഹോസ്റ്റൽ*** സെലക്റ്റ് ചെയ്യുക. പർപ്പസിന് (Purpose) നേരെ *"Cost of Application for Admission"* എന്നത് സെലക്ട് ചെയ്യുക അല്ലാത്ത പക്ഷം 'Data Mismatch' കാണിക്കുന്നതാണ്. വിശദ വിവരങ്ങൾക്കായി https://hostel.keralauniversity.ac.in/assests/images/Online_payment_instructions.pdf എന്ന ലിങ്ക് സന്ദർശിക്കുക.

iii. അപേക്ഷാഫീസ് ഓൺലൈനായി അടച്ച് ഒരു മണിക്കൂറിനു ശേഷം മാത്രം രജിസ്ട്രേഷൻ ആരംഭിക്കുക.

iv. തുടർ ഉപയോഗങ്ങൾക്കായി പെയ്മെൻറ് രസീതിന്റെ പിഡിഎഫ് /പ്രിന്റ് ഔട്ട് സൂക്ഷിക്കേണ്ടതാണ്.

v. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയക്കേണ്ടതില്ല.

vi. ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ പ്രവേശന സമയത്ത് ബന്ധപ്പെട്ട സർക്കാർ അതോറിറ്റി നൽകുന്ന ബിപിഎൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഹോസ്റ്റൽ പ്രവേശനം നിരസിക്കപ്പെടുന്നതാണ്. **ബിപിഎൽ റേഷൻ കാർഡ് ഇതിലേക്കായി പരിഗണിക്കുന്നതല്ല.**

17.06.2025 **രജിസ്ട്രാർ**